WATCHER—FOREST DEPARTMENT

182. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) ഫാറസ്റ്റ് ഡിപ്പാർട്ട്മെണ്ടിൽ ഒരു വാച്ചറായ മിസ്റ്റർ ഇ. കെ. അയ്യപ്പൻ, എച്ചിപ്പാറ ബീറ്റിൽ ചിക്കായി എന്ന സ്ഥലത്തു വാച്ചറായി ജോലി നോക്കിയിരുന്നപ്പോൾ തന്റെ ഉദ്യോഗം രാജി വെക്കുകയുണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ രാജിക്കത്തിൽ കാണിച്ചിട്ടുള്ള കാരണം എന്ത് ;

(സി) രാജിക്കത്തിന്റെ ഒരു പകർപ്പു മേശപ്പുറത്തു വെക്കുന്നതിനു ദയവുണ്ടാകുമോ?

മിസ്റ്റർ എസ്സ്. വെങ്കടേശ്വരൻ : (എ) ടി വാച്ചർ ഉദ്യോഗം രാജിവെക്കുക ഉണ്ടായില്ല. പക്ഷെ, അനുവാദം കൂടാതെ സ്ഥലം വിട്ടുപോയി. ഈ ദിവസങ്ങൾ "സസ്പെൻഡായി" കണക്കാക്കി.

(ബി) & (സി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: ആരായിരുന്നു?

മിസ്റ്റർ എസ്സ്. വെങ്കിടേശ്വരൻ: രാഘവകൈമൾ.

മിസ്റ്റർ കെ. കെ. കണ്ണൻ: ഈ വാച്ചർ അനുവാദംകൂടാതെ സ്ഥലംവിട്ടുപോയതു് ഏതുകാരണത്താലാണു്?

മിസ്റ്റർ എസ്സ്. വെങ്കിടേശ്വരൻ: അയാളുടെ എക്സ്പ്ലനേഷനിൽ സുഖക്കേടാണു് എന്നാണു് പറയുന്നതു്.

മിസ്റ്റർ കെ. കെ. കണ്ണൻ: അയാളെ പുലയനാണെന്നുള്ള കാരണം പറഞ്ഞിട്ടു് ആക്ഷേപിക്കുകയുണ്ടായോ?

Mr. S. Venkiteswaran *(Conservator of Forests)*: I will explain the true circumstance of this case. This wacher started to be indiscreet and when he was admonished for it, he became insolvent and insubordinate and the Forester had to warn him to keep to his place.

മിസ്റ്റർ കെ. കെ. കണ്ണൻ: ജാതിയുടേ നിലയിൽ അയാളോടു് ആക്ഷേപിച്ചു് പെരുമാറിയെന്നുള്ള കാരണംപറഞ്ഞതു് അയാൾ ഡിപ്പാർട്ടുമെണ്ടിലേക്കു് ഹർജിയയച്ചിട്ടുണ്ടായിരുന്നുവെന്നാണു എന്റെ അറിവു്.

മിസ്റ്റർ എസ്സ്. വെങ്കിടേശ്വരൻ: ഹർജി കിട്ടിട്ടില്ല.

PUTHUVAL LAND

183. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) സ്റ്റെയിറ്റിലെ കടലോരങ്ങളിൽ ഇപ്പോൾ തരിശ്ശായി കിടക്കുന്ന പുതുവൽ സ്ഥലങ്ങൾ ഉണ്ടായിട്ടു ഉദ്ദേശം എത്ര കൊല്ലങ്ങളായിട്ടുണ്ടു് ;

(ബി) അതിൽ എത്ര ഏക്കു് സ്ഥലം ഇനിയും സർവ്വെ ചെയ്യാതേയും പതിച്ചു കൊടുക്കാതേയും കിടക്കുന്നുണ്ടു് ;

(സി) ഈ സ്ഥലങ്ങൾക്ക അധീകൃതരിൽനിന്നും അപേക്ഷകന്മാർ ഉണ്ടായിരുന്നിട്ടും പതിച്ചു കൊടുക്കാതിരിക്കുന്നതിന്റെ ഉദ്ദേശം എന്താണു് ;

(ഡി) ഈ സ്ഥലങ്ങൾ ഗവമ്മെണ്ടു് എന്തു ചെയ്യുവാൻ ഉദ്ദേശിക്കുന്നുവെന്നു സദയം പറയുമോ?

മിസ്റ്റർ എ. മാധവപ്രഭു: (എ) ഉദ്ദേശം ൪ മുതൽ ൫൦ വരെ കൊല്ലങ്ങൾ ആയിട്ടുണ്ടു്.

(ബി) ഇതിൽ സർവ്വെ ചെയ്യാതെ കിടക്കുന്ന സ്ഥലം എത്രയെന്നു പറയുവാൻ നിവർത്തിയില്ല. പതിച്ചു കൊടുത്ത സ്ഥലം ഉദ്ദേശം ൫൦൦ ഏക്രാളം കാണുന്നതാണു്.

(സി) ഇതിൽ ഏതാനും സ്ഥലങ്ങൾക്ക മാത്രമേ അപേക്ഷകന്മാർ ഉണ്ടായിട്ടുള്ളു. അന്യന്മാക്കായി തിരിച്ചുവെച്ചിരുന്ന സ്ഥലങ്ങളെ ഉദ്ദേശിച്ചു വന്നിരുന്ന അപേക്ഷകൾ ആയിരുന്നതുകൊണ്ടും അപേക്ഷകർ അറിയാതിരുന്നതുകൊണ്ടും മറ്റു നടപടികൾക്ക വഴിപ്പെടാത്തതുകൊണ്ടും മറ്റുമാണു് അപേക്ഷകൾക്ക അവസാനതീരുമാനം ആകാത്തതു്.

(ഡി) ഇതിൽ ഏതാനും ഉപ്പുണ്ടാക്കുന്ന സ്ഥലത്തിന്നായി ആവശ്യമുണ്ടു്. ഏതാനും ഫിഷ്പോണ്ടു് മുതലായതു ഉണ്ടാക്കുവാനും ആവശ്യമുണ്ടു്. ഏതാനും കുടിയേടം കോ

LIBRARY ARCHIVES Kerala Legislative Assembly